**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3112** **25-10-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര ബീച്ചുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ പ്രധാന ആകർഷണ കേന്ദ്രമായ ബീച്ചുകളിൽ കടലാക്രമണത്താൽ തീരം നഷ്ടപ്പെടുന്നത് തടയാൻ വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കടലാക്രമണത്തിൽ നിന്നും ബീച്ചുകളുടെ തീരം നഷ്ടപ്പെടുന്നത് തടയുന്ന ജോലികൾ ചെയ്യുന്നത് ടൂറിസം വകുപ്പല്ല. എന്നിരുന്നാലും ചില പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും ആയത് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കാമോ; | (ബി) | അന്തർദേശീയ വിനോദസഞ്ചാര കേന്ദ്രമായ കോവളത്തെ ഹവ്വാബീച്ചിന്റെ തീരത്തെ മണ്ണിടിച്ചിൽ തടയുന്നതിനും ബീച്ചുകളുടെ നടപ്പാതക്കും, തീരസംരക്ഷണ പ്രവർത്തനങ്ങൾക്കുമായി 8.35 കോടി രൂപയുള്ള ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയുണ്ടായി. പദ്ധതിയുടെ നിർവഹണ ചുമതല ഹാർബർ എഞ്ചിനീയറിങ് വകുപ്പിനാണ്. കൂടാതെ കേരളത്തിലെ പ്രധാന ബീച്ചുകളിലൊന്നായ ഫോർട്ട് കൊച്ചി ബീച്ചിലെ തീരം സംരക്ഷണത്തിനായുള്ള " ഷോർ പ്രൊട്ടക്ഷൻ ഫോർ ദ കോസ്റ്റ് ഓഫ് ഫോർട്ട് കൊച്ചി ബീച്ച്" എന്ന പേരിൽ ഒരു പഠനം ചെന്നൈ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ എഞ്ചിനീയറിങ് വിഭാഗം മുഖാന്തിരം നടത്തിയിട്ടുണ്ട്. 27,14,000/- ( ഇരുപത്തിയേഴ് ലക്ഷത്തി പതിനാലായിരം രൂപ) രൂപ ചെലവിൽ നടത്തിയ ഈ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് പുതുക്കിയ പ്രൊപ്പോസൽ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കി വരുന്നു. |
| (സി) | എറണാകുളം ജില്ലയിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളായ ചെറായി, കുഴുപ്പിള്ളി, എടവനക്കാട് ഉൾപ്പെടെയുള്ള ബീച്ചുകളിൽ രൂക്ഷമായ കടലാക്രമണത്താൽ തീരം നഷ്ടമാകുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | ഈ പ്രദേശങ്ങളിൽ തീരം നഷ്ടമാകുന്നതു തടയാനുള്ള പദ്ധതികൾ ടൂറിസം വകുപ്പിൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ